## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1341** **15.6.2012-ൽ മറുപടിക്ക്**

### ക്ലീൻ-വെൽ പ്രവർത്തകരുടെ പുനരധിവാസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജമീല പ്രകാശം | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) മാലിന്യ നിർമ്മാർജ്ജന പരിപാടികൾ തിരുവനന്തപുരം പട്ടണത്തിൽ പ്രതിസന്ധിയിലായിരിക്കുന്ന സാഹചര്യത്തിൽ ക്ലീൻ-വെൽ പ്രവർത്തകർ പട്ടിണിയിലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) ക്ലീൻ-വെൽ പ്രവർത്തകർ ഇപ്പോൾ തൊഴിൽരഹിതരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>തിരുവനന്തപുരം നഗരസഭയിലെ ക്ലീൻ-വെൽ തൊഴിലാളികളുടെ പുനരധിവാസത്തിന് കുടുംബശ്രീ സംസ്ഥാനമിഷനും തിരുവനന്തപുരം നഗരസഭയും സംയുക്തമായി ഒരു പ്രത്യേക ഉപജീവനപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ തൊഴിൽരഹിതരായ ക്ലീൻവെൽ തൊഴിലാളികൾക്ക് അടിയന്തിര ആശ്വാസം എന്ന നിലയിൽ 10000/- രൂപ വീതം ധനസഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിന് ക്ലീൻവെൽ |
| ബി) ഉണ്ടെങ്കിൽ ഇവരെ പുനരധിവസിപ്പിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | |

പ്രവർത്തകർക്ക് പരിശീലനം നൽകുന്നതാണ്.

കൂടാതെ, തിരുവനന്തപുരം നഗരസഭയിലെ കെട്ടിക്കിടക്കുന്ന മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കും ക്ലീൻവെൽ യൂണിറ്റ് അംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് ഒരു വേജ് എംപ്ലോയ്മെന്റ് സ്കീം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരമുള്ള പദ്ധതി തയ്യാറാക്കുന്നതിന് തിരുവനന്തപുരം നഗരസഭയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സി) വിവിധ ആശുപത്രികളിലും നഗരസഭകളിലും ഒഴിവുള്ള ശുചീകരണ തസ്തികകളിൽ ഇവരെ നിയമിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുമായി കൂടിയാലോചിക്കുമോ ?

സി) ഇക്കാര്യം പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ